**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4983 22/05/2017-ൽ മറുപടിയ്ക്ക്

**സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ചിറയം ഗോപകുമാർ**<br>**ശ്രീമതി. ഗീതാ ഗോപി**<br>**ശ്രീ. മുഹമ്മദ് മുഹസിൻ പി.**<br>**ശ്രീ. കെ. രാജൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.) യുടെ ചുമതലകൾ വിശദമാക്കുമോ; | (എ) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണം, പാഠപുസ്തക നിർമ്മാണം, അധ്യാപക പരിശീലനം, ഗവേഷണം എന്നീ മേഖലയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതോ ടൊപ്പം പൊതു വിദ്യാഭ്യാസ വകുപ്പിലെ വിവിധ വിഭാഗങ്ങളായ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ഹയർ സെക്കന്ററി ഡയറക്ടറേറ്റ്, എസ്.എസ്.എ, ആർ.എം.എസ്.എ. ഐറ്റി@സ്കൂൾ, എസ്.ഐ.ഇ.ടി തുടങ്ങിയവയു മായി ബന്ധപ്പെട്ട വിവിധ അക്കാദമിക് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും എസ്.സി.ഇ.ആർ.ടി യാണ് |
| (ബി) പഠനവുമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളെ സംബന്ധിച്ച നയ സമീപനം വ്യക്തമാക്കുന്ന രേഖയായ കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്. 2007), അനുഭവങ്ങളുടെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യുന്നതിന് തയ്യാറാകുമോ; | (ബി) കേരള പാഠ്യപദ്ധതി ചട്ടക്കൂട് (കെ.സി.എഫ്. 2007) പുനരവലോകനം ചെയ്ത് കാലോചിതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലാണ്. |
| (സി) വിദ്യാഭ്യാസ മേഖലയിലെ പുത്തൻ പ്രവണതകൾ കണക്കിലെടുത്ത് സംസ്ഥാനത്തെ സ്കൂളുകൾക്കാവശ്യമായ ഡിജിറ്റൽ കണ്ടന്റ് വികസിപ്പിക്കുന്നതിൽ എസ്.സി.ഇ.ആർ.ടി യുടെ പങ്ക് വ്യക്തമാക്കുമോ? | (സി) പാഠ്യപദ്ധതി വിനിമയത്തിന് ആവശ്യമായ ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിക്കുന്നതിന് ഐറ്റി@സ്കൂൾ പ്രോജക്റ്റുമായും, എസ്.ഐ.ഇ.ടി യുമായും സഹകരിച്ച് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തോടനുബന്ധിച്ച് ക്ലാസ് മുറികൾ 'ഹൈടെക്' ആക്കുന്നതിന്റെ ഭാഗമായി ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിക്കുന്നതിന് വിവിധ ഏജൻസികൾക്ക് അക്കാദമിക പിന്തുണയും എസ്.സി.ഇ.ആർ.ടി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ